കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# വള്ളികുന്നം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-എ.എൽ.പി/പി6/1386/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം

ആലപ്പുഴ, തീയതി.13.11.17
ഇ-മെയിൽ – ddhglfalpy@gmail.com
ഫോൺ. 0477 2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വള്ളികുന്നം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : വള്ളികുന്നം ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വള്ളികുന്നം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെയും ഭാഗം 3ലെയും ഖണ്ഡികളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി/പി6/1386/17 തീയതി: 13.11.2017

# ആലപ്പുഴ ജില്ലയിലെ വള്ളികുന്നം ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ വള്ളികുന്നം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യപത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 21.12.2016 മുതൽ 30.10.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്ക് ലഭിച്ച മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ഹരികുമാർ.ജി, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 25.10.2017 മുതൽ 03.11.2017 വരെ | ശ്രീമതി.പി.കെ.വിജയലക്ഷ്മി, ഓഡിറ്റ്ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ. ജി.ചന്ദ്രശേഖരൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ദീപ.എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ജി.സുനിൽകുമാർ, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ജി.മുരളി | 01.04.2016 മുതൽ 31.03.2017വരെ |
| സെക്രട്ടറി | ഖാൻ മഹാദൂർ മുഹമ്മദ് സാഹിബ് | 01.04.2016 മുതൽ 31.03.2017വരെ |

മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ഗോപിക | 01.04.2016 മുതൽ 08.09.2016 വരെ |
| | | തൻസി ഷെറീഫ് | 09.09.2016 മുതൽ 31.03.2017 വരെ |
| 2 | അസിസ്റ്റന്റ് എഞ്ചിനീയർ | സരിത.എസ് | 01.04.2016 മുതൽ 07.07.2016 വരെ |
| | | രാജേഷ്.സി.ആർ | 08.07.2016 മുതൽ 03.11.2016 വരെ |
| | | ലക്ഷ്മി.ജി.മോഹൻ | 04.11.2016 മുതൽ 31.03.2017 വരെ |
| 3 | ഡയറി ഫാം ഇൻസ്ട്രക്ടർ | വിനോദ്.വി | 01.04.2016 മുതൽ 31.03.2017 വരെ |
| 4 | വി.ഇ.ഒ | ബിനീഷ് | 01.04.2016 മുതൽ 31.03.2017 വരെ |
| | | പ്രവീൺ | 01.04.2016 മുതൽ 31.03.2017 വരെ |
| 5 | അസിസ്റ്റന്റ് സെക്രട്ടറി | യോഗീന്ദ്ര ദേവൻ | 01.04.2016 മുതൽ 03.01.2017 വരെ |
| | | എ. ഗോപകുമാർ | 08.01.2017 മുതൽ 31.03.2017 വരെ |
| 6 | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | വിസ്മി വിശ്വം | 01.04.2016 മുതൽ 31.03.2017 വരെ |
| 7 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ബീന | 01.04.2016 മുതൽ 31.03.2017 വരെ |
| 8 | മെഡിക്കൽ ഓഫീസർ,ആയുർവേദം | രശ്മി.എസ് | 01.04.2016 മുതൽ 31.03.2017 വരെ |
| 9 | പ്രധാനാദ്ധ്യാപിക, ജി.എൽ.പി.എസ് | ഉഷാദേവി | 01.04.2016 മുതൽ 31.03.2017 വരെ |

ഉള്ളടക്കം


| ക്രമ നം. | ഖണ്ഡിക നം. | ഭാഗം – 1 |
|---|---|---|
| 1 | 1-1 | പൊതുഅവലോകനം |
| | | ഭാഗം – 2 |
| 2 | 2-1 | അനധികൃത നിർമ്മാണത്തിനെതിരെ തുടർ നടപടി സ്വീകരിച്ചില്ല |
| 3 | 2-2 | വസ്തു നികുതി - കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള വിസ്തീർണ്ണത്തിന് അനുസൃതമായി നികുതി നിർണ്ണയിച്ചില്ല |
| 4 | 2-3 | സ്ഥാപന നികുതി ഈടാക്കിയില്ല, വരുമാന നഷ്ടം |
| 5 | 2-4 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് |
| 6 | 2-5 | കുടിശ്ശിക പിരിച്ചെടുത്തില്ല, വാടക നിർണ്ണയത്തിലെ അപാകത |
| 7 | 2-6 | ഡി & ഒ ലൈസൻസ് സംബന്ധിച്ച അപാകതകൾ |
| | | ഭാഗം – 3 |
| 8 | 3-1 | വ്യാജരേഖകളുടെയടിസ്ഥാനത്തിൽ ചെലവഴിച്ച 8000 രൂപ ഓഡിറ്റിൽ അനുവദിക്കുന്നില്ല |

| | | |
|---|---|---|
| 9 | 3-2 | എൽ.പി.സ്കൂളുകൾക്ക് ഫർണിച്ചർ - വാങ്ങൽ നടപടിയിലെ ന്യൂനതകൾ |
| 10 | 3-3 | കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല |
| 11 | 3-4 | മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിൽ വീഴ്ച; 13.68 കോടി രൂപ അടങ്കലുള്ള 33 പ്രോജക്ടുകൾ നടപ്പിലാക്കിയില്ല |
| 12 | 3-5 | പൊതു ടാപ്പുകളുടെ വെള്ളക്കരം- വാർഷിക ബാദ്ധ്യത 14.43 ലക്ഷം രൂപ |
| 13 | 3-6 | ഭവന നിർമ്മാണ പദ്ധതി - കരാർ ലംഘനം നടത്തിയ ഗുണഭോക്താ വിനെതിരെ നടപടി സ്വീകരിച്ചില്ല, 3 ഗുണഭോക്താക്കൾ വീടുപണി പൂർത്തീകരിച്ചിട്ടില്ല |
| 14 | 3-7 | ആരോഗ്യമേഖല – മരുന്നു ലഭിക്കുന്നതിൽ കാലതാമസം ; നടപടി അനിവാര്യം |
| 15 | 3-8 | സെക്രട്ടറി നിർവ്വഹിച്ച പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല |
| 16 | 3-9 | സാധൂകരണ രേഖയില്ല - സെൽഫ് ചെക്ക് പ്രകാരം മാറിയ തുക തടസ്സപ്പെടുത്തുന്നു |
| 17 | 3-10 | വാങ്ങിയ ഉപകരണങ്ങൾ വിതരണം ചെയ്തില്ല |
| 18 | 3-11 | രണ്ടുവർഷം മുൻപു വാങ്ങിയ ടാർ നാളിതുവരെയും ഉപയോഗിച്ചിട്ടില്ല |
| 19 | 3-12 | തൊഴിൽ രഹിതവേതന വിതരണം - രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങളില്ല - പ്രായ പരിധി കഴിഞ്ഞവർക്കും വേതനം വിതരണം ചെയ്തു |
| 20 | 3-13 | വള്ളികുന്നം കുടിവെള്ളപദ്ധതി - ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരികെ ഈടാക്കേണ്ടതാണ് |
| ഭാഗം – 4 | | |
| 21 | 4-1 | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 22 | അനുബന്ധം | ഓഡിറ്റ് സർട്ടിഫിക്കറ്റ് |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 04.03.2016 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 23,46,66,851 | 23,19,14,744 |
| വാർഷിക കണക്ക് പ്രകാരം | 5,52,79,204 | 5,21,05,592 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവു ചെലവുകൾ യഥാർത്ഥ വരവു ചെലവുകളുമായി വലിയ അന്തരം പുലർത്തുന്നു. യാഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 14005093 | 10887403 | 77.73 |
| വികസനഫണ്ട് - എസ്.സി.പി. | 7862451 | 6591764 | 88.83 |
| വികസനഫണ്ട് - ടി.എസ്.പി. | Nil | – | – |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 7854909 | 6279284 | 79.94 |

| | | | |
|---|---|---|---|
| പെർഫോമൻസ് ഗ്രാന്റ് | 4249711 | 2813061 | 66.19 |
| സംരക്ഷണഗ്രാന്റ് റോഡ് | 8607978 | 1278727 | 14.35 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 3756150 | 2578685 | 68.65 |
| ബി.ഫണ്ട് | 45628420 | 45628420 | 100 |

## 1-3 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 121 | 58141703 | 60 | 3345549 | 14 | 61 | 50% |

## 1-4 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 29.12 ശതമാനത്തിന്റെ വർദ്ധനവുണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3531071 | 4663884 | (+)1132813 | (+)32.08 |
| നികുതിയേതര വരവുകൾ | 450896 | 479996 | (+)29100 | (+)6.45 |
| മറ്റുവരവുകൾ | 38722 | 47443 | (+)8721 | (+)22.52 |
| ആകെ | 4020689 | 5191323 | (+)1170634 | (+)29.12 |

## 1-5 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 463080 | 289 |
| കർഷകതൊഴിലാളി പെൻഷൻ | 4477540 | 469 |
| വിധവാപെൻഷൻ | 11677300 | 1111 |
| വാർദ്ധക്യകാലപെൻഷൻ | 25196325 | 2055 |
| വികലാംഗപെൻഷൻ | 2917185 | 313 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 537090 | 59 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 360000 | 12 |

### 1-6 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.10.2017-ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 252/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

### 1-7 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ എല്ലാ ആസ്തികളുടെയും വിവരം ഉൾപ്പെടുത്തി ആസ്തിരജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. പഞ്ചായത്തിലെയും വിട്ടുകിട്ടിയ സ്ഥാപനങ്ങളിലെയും എല്ലാ ജീവനക്കാരുടേയും വിവരങ്ങൾ അടങ്ങിയ ഇൻക്യുബ്മെന്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. പഞ്ചായത്തിലെ മിനിട്സ് സകർമ്മ സോഫ്റ്റ് വെയറിൽ തയ്യാറാക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. ഇടപാടുകളില്ലാതെ സൂക്ഷിച്ച ദുരിതാശ്വാസനിധി അക്കൗണ്ടിൽ നിന്നും ബാങ്ക് കുറവ് ചെയ്ത 2910/-രൂപ തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

### 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.10.2017 | 09/2017 | ഇല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02.02.2012 | 10-11 വരെയുള്ള വാർഷിക ഓഡിറ്റ് | 30.06.12 |

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 അനധികൃത നിർമ്മാണത്തിനെതിരെ തുടർ നടപടി സ്വീകരിച്ചില്ല

ശ്രീ.അബ്ദുൾ റഷീദ്, വിളയിൽ, ഇലിപ്പക്കുളം എന്ന വ്യക്തിയുടെ ഉടമസ്ഥത യിലുള്ള ഷാലിമാർ ഓഡിറ്റോറിയം (വാർഡ് - 1) പഞ്ചായത്തിന്റെ അനുമതി കൂടാതെ പുതുക്കി പണിയുന്നതുമായി ബന്ധപ്പെട്ട് 19-03-16 - ൽ ലഭിച്ച

പരാതിയുടെ അടിസ്ഥാനത്തിൽ നിർമ്മാണം നിർത്തിവയ്ക്കുന്നതിന 19-03-16 - ൽ സെക്രട്ടറി ഉടമസ്ഥന നോട്ടീസ് നൽകിയിരുന്നു. തുടർന്ന 24-01-17 - ൽ അസിസ്റ്റന്റ് എഞ്ചിനീയർ സെക്രട്ടറിയ്ക്ക് നൽകിയ റിപ്പോർട്ടിൽ നിർമ്മാണത്തിന 950 $m^2$ വിസ്തീർണ്ണം ഉള്ളതായും, കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ചിട്ടുള്ളതായും രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിൽ നിലവിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടന്ന വരുന്നു. എന്നാൽ 19-03-16 ൽ നൽകിയ നോട്ടീസ് ഒഴികെ മറ്റു നടപടികളൊന്നും ഗ്രാമ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

തുടർ നടപടികൾ സ്വീകരിക്കാതിരുന്നതിന വിശദീകരണം നൽകുന്നതിന നൽകിയ ഓഡിറ്റ് അന്വേഷണത്തിന (നം-16/01-11-17) മറുപടി ഹാജരാക്കിയില്ല. അനധികൃത നിർമ്മാണത്തിനെതിരെ നടപടി സ്വീകരിക്കാതിരുന്നതു ഗുരുതരമായ വീഴ്ചയാണ്. ഈ വിഷയത്തിൽ അടിയന്തിരമായി നടപടികൾ സ്വീകരിക്കുന്നതിനും വിവരം റിപ്പോർട്ട് ചെയ്യുന്നതിനും ഭരണ സമിതിയോടു ശുപാർശ ചെയ്യുന്നു.

## 2-2 വസ്തു നികുതി - കംപ്ളീഷൻ പ്ലാൻ പ്രകാരമുള്ള വിസ്തീർണ്ണത്തിന് അനുസൃതമായി നികുതി നിർണ്ണയിച്ചില്ല

വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ നിന്നും താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് കംപ്ളീഷൻ പ്ലാനിലെ വിസ്തീർണ്ണത്തിന് അനുസൃതമല്ലാതെ കുറഞ്ഞ വിസ്തീർണ്ണം കണക്കാക്കി നികുതി നിർണ്ണയം നടത്തിയിട്ടുള്ളതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉടമസ്ഥന്റെ പേര്/ കെട്ടിട നമ്പർ | ഫാറം 6 - ൽ രേഖപ്പെടുത്തിയിരിക്കുന്ന ഏരിയ $m^2$ | നിർണ്ണയിച്ച നികുതി | കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള ഏരിയ $m^2$ | നിർണ്ണയിക്കേണ്ട നികുതി | വ്യത്യാസം |
|---|---|---|---|---|---|---|
| 1 | ശശിധരൻ,-14/64A, 64B,64C | 147 | 4852 | 153 | 5049 | 197 |
| 2 | സിദ്ദിഖ്,തച്ചടി തെക്കേതിൽ, 14/72A,72 B | 30 | 990 | 35 | 1089 | 99 |
| 3 | മഹമ്മൂദ്/ബുഷ്റ പണ്ടകശ്ശാല വടക്കതിൽ 16 / 572 C | 54.28 | 1703 | 72.70 | 2279 | 576 |
| 4 | വർഗ്ഗീസ് മാത്യൂ ആദിച്ചപുരത്ത് I/430 A,B | 66.93 | 2350 | 71.68 | 2514 | 164 |
| 5 | ഗോപകുമാർ,ഗോകുലം I/430 C, D | 66.93 | 2350 | 79.14 | 2608 | 258 |

നികുതി നിർണ്ണയത്തിൽ കുറവു വന്നതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന (17/01-11-17) മറുപടി ഹാജരാക്കിയില്ല. ഈ വിഷയത്തിൽ തുടർ നടപടി സ്വീകരിച്ച് മേൽ വിവരിച്ച കെട്ടിടങ്ങളുടെ നികുതി പുനർ നിർണ്ണയിക്കേണ്ടതാണ്.

## 2-3 സ്ഥാപന നികുതി ഈടാക്കിയില്ല, വരുമാന നഷ്ടം

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചുവരുന്ന ചില സ്ഥാപനങ്ങൾ 2016-17 ൽ സ്ഥാപന നികുതി അടച്ചില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം | നഷ്ടം |
|---|---|---|---|
| 1 | മുത്തൂറ്റ് ഫിൻ കോർപ്പ്, വള്ളികുന്നം | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ | 2500 |
| 2 | കൊശമറ്റം ഫിനാൻസ്, വള്ളികുന്നം | ഒന്നാം അർദ്ധവർഷം | 1250 |
| 3 | ഫ്രണ്ട്സ് ഫൈനാൻസിയേഴ്സ് (പഞ്ചായത്ത് ഓഫീസിനു സമീപം) | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ | 2500 |
| 4 | വള്ളികുന്നം പഞ്ചായത്ത് സോഷ്യൽ വെൽഫെയർ സഹകരണ സംഘം | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ | 2500 |
| 5 | കെ.എസ്.ഇ.ബി, വള്ളികുന്നം | രണ്ടാം അർദ്ധവർഷം | 1250 |
| 6 | വള്ളികുന്നം പട്ടികജാതി സർവീസ് സഹകരണ സംഘം | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ | 2500 |
| | ആകെ നഷ്ടം | | 12500 |

ടി വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12) നഷ്ടം ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കുന്നതാണെന്ന് അറിയിച്ചു. നഷ്ടമായ തുക ടി സ്ഥാപനങ്ങളിൽ നിന്ന് പലിശ സഹിതം ഈടാക്കാത്തപക്ഷം സെക്രട്ടറി, സെക്ഷൻ ക്ലർക്ക് എന്നിവരുടെ ബാദ്ധ്യതയായിരിക്കുന്നതാണ്.

## 2-4 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

തൻ വർഷം ഏതാനും ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനം കണക്കാക്കി നികുതി ഈടാക്കിയതിൽ കുറവുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര്, തസ്തിക, മേൽ വിലാസം | അർദ്ധവർഷം | തൊഴിൽ നികുതി പത്രിക പ്രകാരം അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ തൊഴിൽ നികുതി | ഈടാക്കേണ്ട തൊഴിൽ നികുതി | കുറവ് |
|---|---|---|---|---|---|---|
| 1 | ശ്രീമതി. ബീന.കെ, അറ്റൻഡർ, ആയുഷ് പി.എച്ച്.സി (ഹോമിയോ), വള്ളികുന്നം | രണ്ടാം അർദ്ധവർഷം | 93600/- (15600x6) | 600 | 750 | 150 |
| 2 | ശ്രീ.രാജേഷ്, ക്ലർക്ക്, സി.എൻ.എസ് കൺസ്ട്രക്ഷൻ, ഇലിപ്പക്കുളം | രണ്ടാം അർദ്ധവർഷം | 78000/- | 600 | 750 | 150 |
| | ആകെ നഷ്ടം | | | | | 300/- |

ടി വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12) നഷ്ടം ബന്ധപ്പെട്ട വ്യക്തികളിൽ നിന്ന് ഈടാക്കുന്നതാണെന്ന് മറുപടി ലഭിച്ചു. നഷ്ടമായ തുക ബന്ധപ്പെട്ട വ്യക്തികളിൽ നിന്ന് പലിശ സഹിതം ഈടാക്കാത്തപക്ഷം സെക്രട്ടറി, സെക്ഷൻ ക്ലർക്ക് എന്നിവരുടെ ബാദ്ധ്യതയായിരിക്കുന്നതാണ്.

## 2-5 കുടിശ്ശിക പിരിച്ചെടുത്തില്ല, വാടക നിർണ്ണയത്തിലെ അപാകത

കാമ്പിശ്ശേരി ഷോപ്പിംഗ് കോംപ്ലക്സിലെ 2, 5 നമ്പർ മുറികളിലെ 2014-15 വർഷത്തെ വാടക കുടിശ്ശികയിനത്തിൽ 454/- രൂപ പഞ്ചായത്തിന് ലഭിക്കാനുണ്ടായിരുന്നു. ടി കടമുറി ഇപ്പോഴും അതേ വ്യക്തിക്ക് തന്നെയാണ് വാടകയ്ക്ക് നൽകിയിരിക്കുന്നത്. എന്നാൽ വാടകകുടിശ്ശിക പിരിച്ചെടുക്കാൻ നാളിതുവരെ പഞ്ചായത്ത് നടപടിയൊന്നും സ്വീകരിച്ചില്ല. ടി കുടിശ്ശിക ഈടാക്കാതിരുന്നത് സംബന്ധിച്ച

ഓഡിറ്റ് അന്വേഷണത്തിന് (നം.11) ബന്ധപ്പെട്ട വ്യക്തികളിൽ നിന്ന് ഈടാക്കുന്നതാണെന്ന് മറുപടി ലഭിച്ചിട്ടുണ്ട്.

കാമ്പിശ്ശേരി ഷോപ്പിംഗ് കോംപ്ലക്സിലെ 2-ാം നമ്പർ കടമുറി കാലാകാലങ്ങളായി ശ്രീ.അബ്ദുൾ റഷീദ് എന്ന വ്യക്തിക്ക് വാടകയ്ക്ക് നൽകിയിട്ടുള്ളതാണ്. എന്നാൽ 2014-15 - ൽ നിലവിലുണ്ടായിരുന്ന വാടകയുടെ 5 % വാർഷികവർദ്ധന വരുത്തി 2015-16 ൽ വാടക പരിഷ്കരിക്കേണ്ടതിനുപകരം 5% കുറവു വരുത്തിയാണ് വാടക പരിഷ്കരിച്ചത്. വാടക നിർണ്ണയത്തിലെ ഈ പിഴവു മൂലം 2016-17 ലും വാടക വരുമാനത്തിൽ ആനുപാതികമായ കുറവുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| 2014-15 ൽ ഈടാക്കിയ വാടക | 2015-16 ൽ ഈടാക്കിയ വാടക | 2015-16 - ൽ ഈടാക്കേണ്ടിയിരുന്ന വാടക | നഷ്ടം (3-2) | 2016-17-ൽ ഈടാക്കിയ വാടക | 2016-17 - ൽ ഈടാക്കേണ്ടിയിരുന്ന തുക | നഷ്ടം (6-5) | ആകെ നഷ്ടം (4+7) |
|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| 5616/- (468x12) | 5340/- (445x12) | 5892/- (491x12) | 552/- | 5616/- (468x12) | 6192/- (516x12) | 576/- | 1128/- |

വാടക പരിഷ്കരണത്തിലെ ഈ അപാകത മൂലം നാളിതുവരെ പഞ്ചായത്തിന് 1128/- രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. ടി വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11) നഷ്ടമായ തുക ബന്ധപ്പെട്ട വ്യക്തികളിൽ നിന്ന് ഈടാക്കുന്നതാണെന്ന് മറുപടി ലഭിച്ചു. നഷ്ടം പലിശ സഹിതം ബന്ധപ്പെട്ട വ്യക്തികളിൽ നിന്ന് ഈടാക്കാത്ത പക്ഷം സെക്രട്ടറി, സെക്ഷൻ ക്ലർക്ക് എന്നിവരുടെ ബാദ്ധ്യതയായിരിക്കുന്നതാണ്.

## 2-6 ഡി & ഒ ലൈസൻസ് സംബന്ധിച്ച അപാകങ്ങൾ

താഴെപ്പറയുന്ന പാരാമെഡിക്കൽ സ്ഥാപനം 2016-17 ൽ ഡി & ഒ / പാരാമെഡിക്കൽ രജിസ്ട്രേഷൻ നടത്തിയില്ല.

1.കാമ്പിശ്ശേരി ഫിസിയോ തെറാപ്പി റീഹാബിലിറ്റേഷൻ & വെൽനെസ്സ്

II. താഴെപ്പറയുന്ന സ്ഥാപനങ്ങൾ 2016-17 ൽ ഡി & ഒ ലൈസൻസ് എടുത്തില്ല

1.മാവേലി സ്റ്റോർ, സിവിൽ സപ്ലൈ കോർപ്പറേഷൻ, വള്ളികുന്നം

2.മാവേലി സ്റ്റോർ, സിവിൽ സപ്ലൈ കോർപ്പറേഷൻ, കാമ്പിശ്ശേരി

III. ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, കള്ളുഷാപ്പുകൾ, മറ്റു മാവേലിസ്റ്റോറുകൾ, നീതിസ്റ്റോറുകൾ എന്നീ സ്ഥാപനങ്ങൾ തൻ വർഷം ഡി & ഒ ലൈസൻസ് പുതുക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയില്ല. ഡി & ഒ ലൈസൻസ് അപേക്ഷകളിൽ സ്ഥാപനങ്ങളുടെ വിറ്റുവരവ് രേഖപ്പെടുത്തുന്നില്ല. പല അപേക്ഷകളിലും അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടില്ല. അപേക്ഷകളിൽ മറ്റ് ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല

IV. താഴെപ്പറയുന്ന സ്ഥാപനങ്ങളുടെ ലൈസൻസിനുള്ള അപേക്ഷയിൽ വിറ്റുവരവ് രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ ടി സ്ഥാപനങ്ങളിൽ നിന്നും തുച്ഛമായ ലൈസൻസ് ഫീസാണ് ഈടാക്കിയിട്ടുള്ളത്.

| ക്രമ നം. | സ്ഥാപനം, വാർഡ് | ഈടാക്കിയ ഫീസ് |
|---|---|---|
| 1 | വിനായക ഇൻഡസ്ട്രീസ് (ഫ്ലവർ മിൽ),II/324 B | 50 |
| 2 | ശേഖർ ഫ്യൂവൽസ് (പെട്രോൾ പമ്പ്), I/433 | 1000 |
| 3 | ലീല ഫ്യൂവൽസ് (പെട്രോൾ പമ്പ്), XVIII/434 | 1000 |

| | | |
|---|---|---|
| 4 | CNS ബിൽഡേഴ്സ്, XVIII/253 | 100 |
| 5 | സന്ധ്യ സർവീസ് സ്റ്റേഷൻ, IV/358B | 100 |
| 6 | ജെന്റ്സ് ബ്യൂട്ടി പാർലർ, V/369 | 50 |

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.13) ടി സ്ഥാപനങ്ങളിൽ നിന്നും വരുമാനത്തിനാനുപാതികമായി നിയമാനുസൃത ഫീസ് ഈടാക്കുന്നതാണെന്നും അപാകതകൾ പരിഹരിക്കുന്നതാണെന്നും മറുപടി ലഭിച്ചു. അപാകം പരിഹരിച്ച് രേഖാമൂലം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 വ്യാജരേഖകളുടെയടിസ്ഥാനത്തിൽ ചെലവഴിച്ച 8000 രൂപ ഓഡിറ്റിൽ അനുവദിക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ ഒന്നാം വാർഡിലുള്ള ഇലങ്കത്തിൽ കുളത്തിലെ മാലിന്യങ്ങൾ നീക്കം ചെയ്തതിന് വൗച്ചർ നം.1041/22.3.17 പ്രകാരം അഞ്ച് പേർ നാല് ദിവസം (9.3.17–12.3.17) ജോലി ചെയ്തതിന്റെ മസ്റ്റർ റോളിന്റെ യടിസ്ഥാനത്തിൽ (@ 400) 8000 രൂപ നൽകിയിട്ടുണ്ട്. എന്നാൽ ടി പ്രവൃത്തി തൊഴിലുറപ്പ് പദ്ധതി പ്രകാരം നിർവ്വഹിച്ചിട്ടുള്ളതാണ് [ചെലവ് 46464 രൂപ, 192 തൊഴിൽ ദിനങ്ങൾ (4.3.17–21.3.17). ഫയലിനോടൊപ്പം ഹാജരാക്കിയിട്ടുള്ള ഫോട്ടോയും ഇത് വ്യക്തമാക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റന്വേഷണത്തിന് (നം.18) മറുപടി ലഭ്യമാക്കിയില്ല. ഒരേ കാലയളവിനുള്ളിൽ ഒരേ പ്രവൃത്തിക്ക് തൊഴിലുറപ്പ് പദ്ധതി പ്രകാരവും തനത് ഫണ്ടിൽ നിന്ന് മസ്റ്റർ റോൾ പ്രകാരവും തുക ചെലവഴിച്ചത് അനുവദിക്കുന്നില്ല. ആയതിനാൽ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച 8000/- രൂപ പലിശ സഹിതം തിരികെ അടയ്ക്കേണ്ടതാണ്.

### 3-2 എൽ.പി.സ്കൂളുകൾക്ക് ഫർണിച്ചർ - വാങ്ങൽ നടപടിയിലെ ന്യൂനതകൾ

| | |
|---|---|
| പ്രോജക്ട് നം./പേര് | S0017/17 എൽ.പി.സ്കൂളുകൾക്ക് ഫർണിച്ചർ |
| ഫണ്ടിനം, അടങ്കൽ | മെയിന്റനൻസ് ഗ്രാന്റ്, 206500 |
| ചെലവ് തുക/ബിൽ നം./ തീയതി | 1,89,000 /ബിൽ നം:1/16-17; 26.10.16 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മിസ്ട്രസ് |

ടി പ്രോജക്ട് നടപ്പാക്കിയതിലെ ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1. 18.11.2015 - ൽ എൽ.പി.സ്കൂളിലേക്ക് ഫർണിച്ചർ വാങ്ങുന്നതിന് ക്ഷണിച്ച ക്വട്ടേഷനിൽ സ്റ്റീൽ അലമാര, സ്റ്റീൽ റാക്ക്, പ്ലാസ്റ്റിക്ക് കസേര, ചെറിയ പ്ലാസ്റ്റിക് കസേര, സ്റ്റീൽ മേശ എന്നിവ ഉൾപ്പെടുത്തിയിരുന്നു. ഇതിനനുസൃതമായ റിക്വയർമെന്റും ലഭിച്ചിരുന്നു. പ്രോജക്ടിൽ ഇവയ്ക്ക് തുക വകയിരുത്തുകയും ചെയ്തിരുന്നു. ഇതനുസരിച്ച് ക്വട്ടേഷനും ലഭിച്ചിരുന്നു. എന്നാൽ ബഞ്ച്, ഡസ്ക് എന്നിവയുടേത് മാത്രമായി ലഭിച്ച കുറഞ്ഞ ക്വട്ടേഷൻ അംഗീകരിച്ച് ഇവ മാത്രം വാങ്ങി. പ്രോജക്ടിൽ വിഭാവനം ചെയ്തതിൽ നിന്നും വ്യത്യസ്തമായി വാങ്ങൽ നടത്തിയതിന്റെ കാരണം വ്യക്തമല്ല.

2. പ്രോജക്ടിൽ ബഞ്ച്, ഡസ്ക് എന്നിവയുടെ മതിപ്പുവില യഥാക്രമം 2000 രൂപ, 2500 രൂപ എന്നിങ്ങനെയാണ്. വാങ്ങിയതാകട്ടെ യഥാക്രമം 1900 രൂപ, 3500 രൂപ എന്നീ നിരക്കിലും. പ്രോജക്ടിൽ വിഭാവനം ചെയ്ത മറ്റു ഫർണിച്ചറുകൾ വാങ്ങാതെ ആ തുക കൂടി ചെലവഴിച്ച് ഡസ്ക് വാങ്ങിയതിന്റെ കാരണം വ്യക്തമല്ല.

3. അഹമ്മദ് കബീർ, കണ്ടത്തിൽ പീടികയിൽ എന്ന വ്യക്തിയ്ക്ക് 189000/- രൂപയുടെ ഡി. ഡി. നല്കിയിട്ടുണ്ട്.

എന്നാൽ ഫർണിച്ചർ വാങ്ങിയതിന്റെ ബില്ലില്ല. വാങ്ങിയ ഫർണിച്ചറിന്റെ സ്പെസിഫിക്കേഷൻ എന്താണെന്ന് വ്യക്തമല്ല. നിയമാനുസൃതമായ ബില്ല് ഇല്ലാതെ വാങ്ങൽ നടത്തിയത് തെറ്റായ നടപടിയാണ്.

4. 35 വീതം ബഞ്ച്, ഡസ്ക് എന്നിവ വാങ്ങിയതിൽ 34 എണ്ണം വീതമേ വിതരണം ചെയ്തിട്ടുള്ളൂ. 19.09.2016 - ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം ഒരു ബഞ്ചും ഡസ്കും പഞ്ചായത്ത് ഓഫീസിൽ തന്നെ സൂക്ഷിച്ചിരിക്കുകയാണെന്ന് ആ കാലയളവിലെ സെക്രട്ടറി വിശദീകരിച്ചു. എന്നാൽ ഇത് പഞ്ചായത്തിന്റെ സ്റ്റോക്കിൽ ചേർത്തിട്ടില്ല. വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി വാങ്ങിയ ഫർണിച്ചർ പഞ്ചായത്തിൽ സൂക്ഷിക്കുവാൻ എടുത്ത തീരുമാനം തെറ്റാണ്. അടിയന്തിരമായി സ്കൂളുകൾക്ക് വിതരണം ചെയ്യേണ്ടതാണ്.

പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന ഫർണിച്ചർ സ്കൂളിന് വിതരണം ചെയ്ത് കൈപ്പറ്റ് ഹാജരാക്കേണ്ടതാണ്. വാങ്ങുന്ന സാധനത്തിന്റെ ഗുണനിലവാരവും, നിയമാനുസൃതമായ രീതിയിൽ സർക്കാരിന് ലഭിക്കേണ്ട നികുതികൾ അടച്ചിട്ടുണ്ടെന്നും ഉറപ്പുവരുത്തി വാങ്ങൽ നടപടികൾ സാധ്യമാക്കുവാൻ ഭരണസമിതി ഭാവിയിൽ, ശ്രദ്ധിക്കേണ്ടതാണ്.

## 3-3 കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടുന്നതിന് തയ്യാറാക്കിയ പദ്ധതിപ്രകാരം ലോകബാങ്ക് ധനസഹായം 1503112/- രൂപയും(ബിൽ നം.11/16-17 തീയതി.28.02.17) തനതു ഫണ്ട് 76888 രൂപയും(ചെക്ക് നം.854528/21.02.2017) ഉൾപ്പെടെ 1580000/-രൂപ വാട്ടർ അതോറിറ്റിയിൽ അടച്ചിട്ടുണ്ട്. എഗ്രിമെന്റ് വ്യവസ്ഥ പ്രകാരം രണ്ടാഴ്ചക്കുള്ളിൽ പണി പൂർത്തീകരിച്ച് പൂർത്തീകരണ സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്. എന്നാൽ നാളിതുവരെയും പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടി ഇനത്തിൽ ചെലവിട്ട1580000രൂപ തടസ്സത്തിൽ വയ്ക്കുന്നു.

കൂടാതെ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ പരിഷ്ക്കരിച്ച സബ്സിഡി മാർഗരേഖ പ്രകാരം (16.11.2013 ലെ ജി.ഒ.(എം.എസ്.) 362/2013/ത.സ്വ.ഭ.വ.) പൊതു ടാപ്പുകളുടെ എണ്ണം പരമാവധി കുറയ്ക്കുന്നതിനായി, ഗാർഹിക കണക്ഷൻ പ്രോത്സാഹിപ്പിക്കേണ്ടതാണെന്നും വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പൈപ്പ് ലൈനിൽ നിന്നും ഹൗസ് കണക്ഷൻ എടുക്കുന്നതിന് അനുവദനീയമായ സബ്സിഡി പൊതുവിഭാഗത്തിന് 4000 രൂപയും പട്ടികജാതി/ പട്ടിക വർഗ്ഗ വിഭാഗത്തിന് 6000 രൂപയും നൽകാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇതു പ്രകാരം അർഹതയുള്ള ഗുണഭോക്താക്കൾക്ക് ഹൗസ് കണക്ഷൻ എടുക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതിന് പഞ്ചായത്ത് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-4 മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിൽ വീഴ്ച; 13.68 കോടി രൂപ അടങ്കലുള്ള 33 പ്രോജക്ടുകൾ നടപ്പിലാക്കിയില്ല

2016-17-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് അധികൃതർക്ക് കഴിഞ്ഞിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ടുകളുടെ എണ്ണം | | | ആകെ | നടപ്പിലാക്കിയ | ചെലവഴിച്ച | ചെലവിന്റെ ശതമാനം |
|---|---|---|---|---|---|---|
| പുതിയത് | സ്പിൽ ഓവർ | ആകെ | അടങ്കൽ | പദ്ധതികൾ | തുക | |
| 36 | 12 | 48 | 17712917 | 15 | 4039868 | 22.81 |

<u>സ്പിൽ ഓവർ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിൽ ഗുരുതര വീഴ്ച</u>

സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പദ്ധതി നിർവ്വഹണ മാർഗ്ഗ രേഖ പ്രകാരം (സ.ഉ.(എം.എസ്.) നമ്പർ 362/2013 /ത.സ്വ.ഭ.വ, തീ.16.11.13, ഖ: 11.13.(xii)(ഇ)) ഒരു സ്പിൽ ഓവർ പ്രോജക്ട് സ്പിൽ ഓവർ ആയ അതേ വർഷം തന്നെ നിർബന്ധമായും പൂർത്തീകരിക്കേണ്ടതാണ്.

എന്നാൽ ഓഡിറ്റ് വർഷം നടപ്പിലാക്കാതിരുന്ന 33 മരാമത്ത് പ്രവൃത്തികളിൽ 14.82 ലക്ഷം രൂപ അടങ്കലുള്ള

7പ്രവൃത്തികളും സ്പിൽ ഓവർ പ്രവൃത്തികളായിരുന്നു. പ്രവൃത്തികൾക്ക് എഗ്രിമെന്റ് വെച്ചതിനുശേഷം യഥാസമയം പ്രവൃത്തി നടത്താതെ കരാർ ലംഘനം നടത്തിയ കരാറുകാർക്ക്/കൺവീനർമാർക്കെതിരെ പൊതുമരാമത്ത് വകുപ്പ് മാനുവൽ സെക്ഷൻ 2116.1, 2116.2 പ്രകാരം നടപടികൾ അധികൃതർ സ്വീകരിച്ചിട്ടില്ല.

പൊതുമരാമത്ത് മേഖലയിൽ ധാരാളം പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും, അവയിൽ നല്ലൊരുഭാഗം പ്രവൃത്തികളുടെയും നിർവ്വഹണം യഥാസമയം പൂർത്തിയാക്കാനാവാതെ വർഷങ്ങളോളം നീണ്ടുപോകുകയും ചെയ്യുന്ന സ്ഥിതിയാണ് കാണാൻ കഴിഞ്ഞത്. പ്രോജക്റ്റ് തയ്യാറാക്കിയശേഷം നടപ്പാക്കാത്തതിലൂടെ ജനങ്ങൾക്ക് നല്കിയ വാഗ്ദാനം ലംഘിക്കുന്നതിനൊപ്പം തൻവർഷം ചെലവഴിക്കേണ്ട വൻതുക ചെലവഴിക്കാതെ നഷ്ടമാകുന്നതിനും ഇത് കാരണമാകുന്നു. കൂടാതെ ഷെഡ്യൂൾ നിരക്കുകളുടെ പരിഷ്കരണം കോസ്റ്റ് ഇൻഡക്സിൽ ഉണ്ടാകുന്ന വർദ്ധനവ് എന്നിവ മൂലം ഈ പ്രവൃത്തികൾ ഭാവിയിൽ നടപ്പിലാക്കുമ്പോൾ അധികതുക ചെലവാക്കേണ്ടിവരുമെന്നത് സ്ഥാപനത്തിന് സാമ്പത്തികനഷ്ടം ഉണ്ടാക്കുകയുമാണ് ചെയ്യുന്നത്. ഈ വിഷയത്തിൽ ഭരണസമിതിയുടെ ഭാഗത്തുനിന്നും ആവശ്യമായ ഇടപെടൽ ഉണ്ടാകേണ്ടതും പദ്ധതികൾ യഥാസമയം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്. ഭരണവകുപ്പിന്റെ സത്വരശ്രദ്ധയും ഈ വിഷയത്തിൽ ഉണ്ടാവേണ്ടതാണ്.

## 3-5 <u>പൊതു ടാപ്പുകളുടെ വെള്ളക്കരം- വാർഷിക ബാദ്ധ്യത 14.43 ലക്ഷം രൂപ</u>

പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ പ്രതിമാസം 120313/- രൂപയാണ് വാട്ടർ അതോറിറ്റിയിൽ ഒടുക്കുന്നത്. പൊതു ടാപ്പുകളുടെ എണ്ണം നിജപ്പെടുത്തുന്നതിനായി വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്നതിന് കത്ത് നൽകിയിട്ടുണ്ടെങ്കിലും ആയതിന് യാതൊരു ക്രമീകരണവും നാളിതുവരെയും ഉണ്ടായിട്ടില്ല. വെള്ളക്കരമിനത്തിൽ ഒരു വർഷം 1443750/-രൂപ തനത് ഫണ്ടിൽ നിന്നും ചെലവാകുന്നുണ്ട്. ഒരു ടാപ്പിന് പ്രതിവർഷം 5250/- രൂപ നിരക്കിൽ 275 ടാപ്പുകളുടെ തുകയാണിത്. വാട്ടർ ടാപ്പുകൾ മിക്കതും പ്രവർത്തനക്ഷമമല്ലെന്ന് ഗ്രാമപഞ്ചായത്ത് കമ്മിറ്റികളിൽ വാർഡ് മെമ്പർമാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. അടിയന്തിരമായി സംയുക്ത പരിശോധന നടത്തി ടാപ്പകളുടെ എണ്ണം നിജപ്പെടുത്തി വെള്ളക്കരത്തിന്റെ കൃത്യത ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-6 <u>ഭവന നിർമ്മാണ പദ്ധതി - കരാർ ലംഘനം നടത്തിയ ഗുണഭോക്താവിനെതിരെ നടപടി സ്വീകരിച്ചില്ല, 3 ഗുണഭോക്താക്കൾ വീടുപണി പൂർത്തീകരിച്ചിട്ടില്ല</u>

നിർവ്വഹണം : വി.ഇ.ഒ

പ്രോജക്റ്റ് നം : 78 /17

അടങ്കൽ : 3600000

<u>1) കരാർ ലംഘനം നടത്തിയ ഗുണഭോക്താവിനെതിരെ നടപടി സ്വീകരിച്ചില്ല</u>

ഭവന നിർമ്മാണം എന്ന പദ്ധതിയിൽ ഒരു ഗുണഭോക്താവിനു 2 ലക്ഷം രൂപ വീതം ഭവനനിർമ്മാണത്തിനു വകയിരുത്തിയിരുന്നു. ശോഭനകുമാരി.എസ്സ് / വേണു. എസ്സ്, വി.എസ്.ഭവനം, വാർഡ് -17എന്ന ഗുണഭോക്താവിനു ആദ്യ ഗഡു 60000/- രൂപ നൽകിയിരുന്നു. ടിയാൾക്കു തുടർന്നുള്ള ഗഡുക്കൾ നൽകിയിട്ടില്ല. തുടർന്നുള്ള ഗഡുക്കൾ നൽകാതിരുന്നതിനെതിരെ ഗുണഭോക്താവ് നൽകിയ പരാതിയിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ നിർദ്ദേശിച്ച പ്രകാരം 26-08-17 ൽ നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കിയ റിപ്പോർട്ടിൽ ഗുണഭോക്താവ് 1100 ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിടം നിർമ്മിച്ചിട്ടുള്ളതിനാൽ തുടർന്നുള്ള ഗഡുക്കൾ നൽകിയിട്ടില്ല എന്നു രേഖപ്പെടുത്തിയിരിക്കുന്നു. 13-03-2017 - ൽ ഗുണഭോക്താവ് നിർവ്വഹണ ഉദ്യോഗസ്ഥനുമായി ഏർപ്പെട്ടിട്ടുള്ള കരാർ പ്രകാരം 66 $m^2$ (710 ചതുരശ്ര അടി) യിൽ കവിയാത്ത വീട് നിർമ്മിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്.

സ.ഉ.(എം.സ്) /4/16 ത.സ്വ.ഭ.വ. തീ : 11-01-16 ഭാഗം 4 ഖണ്ഡിക 11.11 അനുസരിച്ച് ഭവന നിർമ്മാണത്തിനു അനുവദനീയമായ വിസ്തീർണ്ണത്തിന്റെ പരിധി 66 $m^2$ ആകുന്നു. എന്നാൽ നാളിതു വരെയും തുടർനടപടികൾ

സ്വീകരിച്ചില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന (നം.7/23-10-17) തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകി. തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

2) 3 ഗുണഭോക്താക്കൾ വീട്ടു പണി പൂർത്തീകരിച്ചിട്ടില്ല

പദ്ധതിയിൽ ഒരു ഗുണഭോക്താവിന 2 ലക്ഷം രൂപ വീതം വകയിരുത്തിയിരുന്നു. വിവിധ ഗഡുക്കൾ കൈപ്പറ്റിയ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ നാളിതു വരെയും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവ് | കൈപ്പറ്റിയ തുക |
|---|---|---|
| 1 | ഓമന, രതീഷ് ഭവനം,വാർഡ്-10 | 160000 |
| 2 | അംബിക,കുറ്റിവടക്കതിൽ,വാർഡ് -12 | 60000 |
| 3 | ഇന്ദിരാ ദേവി,കൊച്ചുവീട്ടിൽ പടീറ്റതിൽ, വാർഡ്-17 | 180000 |

ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന പ്രസ്തുത ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പുരോഗമിച്ചു വരുന്നതായി നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകി. മേൽ വിവരിച്ച ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന നടപടി സ്വീകരിക്കേണ്ടതാണ്.

## 3-7 ആരോഗ്യമേഖല – മരുന്നു ലഭിക്കുന്നതിൽ കാലതാമസം ; നടപടി അനിവാര്യം

I . പാലിയേറ്റീവ് കെയർ - മരുന്നു പൂർണ്ണമായും ലഭിച്ചില്ല

| | |
|---|---|
| പ്രോജക്ട് നംപർ | S00 55 /17 |
| ചെലവ് തുക | 382780/-രൂപ |
| ബിൽനമ്പർ/തീയതി | 3/2016-17 14.11.2016 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, അലോപ്പതി, പ്രാഥമികാരോഗ്യകേന്ദ്രം |

പാലിയേറ്റീവ് കെയർ പദ്ധതിയ്ക്ക് മരുന്ന് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് 175520/-രൂപ (ഡി.ഡി. നം: 520108 / 23.11.2016) നൽകിയിരുന്നു. ഇതിൽ 1,48,649 രൂപയുടെ മരുന്ന് മാത്രമേ ലഭിച്ചിട്ടുള്ളൂ. ബാക്കി 26871/- രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല. മരുന്ന ലഭിക്കാത്ത സാഹചര്യത്തിൽ 26871/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

II.ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ

| | |
|---|---|
| പ്രോജക്ട് നംപർ | S0072//17 |
| ചെലവ് തുക | 200000രൂപ |
| ബിൽ നമ്പർ / തീയതി | 6/2016-17 / 22.12.2016 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, ആയുർവേദം |

ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിനായി 200000/-രൂപ ഹോംകോയ്ക്ക് നൽകിയെങ്കിലും 1,44,035 രൂപയുടെ മരുന്ന് മാത്രമേ ലഭിച്ചിട്ടുള്ളൂ. ബാക്കി 55,965/-രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല. ലഭിക്കാത്ത മരുന്നിന്റെ വില തടസ്സപ്പെടുത്തുന്നു.

സമൂഹത്തിൽ ഏറെ അവശതയനുഭവിക്കുന്ന രോഗികൾക്കാവശ്യമായ മരുന്ന് ലഭിക്കുന്നതിനുള്ള സത്വരനടപടി സ്വീകരിക്കേണ്ടതാണ്. ഈ വിഷയം ആരോഗ്യവിദ്യാഭ്യാസസ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടേയും ശ്രദ്ധയിൽപ്പെടുത്തുന്നു. മരുന്ന കിട്ടുന്നതനുസരിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ ശ്രമിക്കേണ്ടതാണ്.

## 3-8 സെക്രട്ടറി നിർവ്വഹിച്ച പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രോജക്ടുകൾക്കായി ചെലവഴിച്ച തുക വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ തടസ്സപ്പെടുത്തുന്നു.

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | തുക | ചെലവിന്റ വിശദാംശം |
|---|---|---|---|
| 4/17 | ഡബ്ല്യൂ.എൽ.പി.എസിന് കുടിവെള്ള കണക്ഷൻ | 50000 | 1)ബിൽ നം.117/16-17 plan<br>തീയതി. 28.9.16<br>2)ചെക്ക്നം.354460/5.10.16 |
| 37/17 | എസ്.എസ്.എ. വിഹിതം | 790284 | 1)136/16-17/തീയതി.25.10.16<br>2)181/16-17 തീയതി.7.3.17 |
| | ആകെ | 840284 | |

## 3-9 സാധൂകരണ രേഖയില്ല - സെൽഫ് ചെക്ക് പ്രകാരം മാറിയ തുക തടസ്സപ്പെടുത്തുന്നു

എ). എട്ടാം വാർഡിലുള്ള കുടിവെള്ള പദ്ധതിയുടെ (പദ്ധതിയുടെ പേര് വ്യക്തമല്ല) മോട്ടോർ ഉപകരണങ്ങൾ നന്നാക്കിയതിന് വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ ശ്രീ.വിജയകുമാറിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ മെസ്സേഴ്സ് വി.എസ്.ഇലക്ട്രിക്കൽസ് & റെഫ്രിജറേഷൻ സെന്റർ, കരുനാഗപ്പള്ളിക്ക് 19000/-(ചെക്ക് നം.17452/22.3.17) രൂപ നൽകിയിട്ടുണ്ട്. പ്രസ്തുത കുടിവെള്ള പദ്ധതി ഗുണഭോക്തൃസമിതിക്ക് കൈമാറിയിട്ടുള്ളതാണോ എന്നും വ്യക്തമല്ല. ചെലവിനെ സാധൂകരിക്കുന്നതിനായി സ്ഥാപനത്തിന്റെ കൈപ്പറ്റ് മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ചെലവുരേഖകളുടെ അഭാവത്തിൽ 19000/- രൂപ തടസ്സപ്പെടുത്തുന്നു.

ബി). മണപ്പള്ളി ഇലക്ട്രിക്ക് സെക്ഷന്റെ പരിധിയിൽ 13-ാം വാർഡിൽ മുന്തിരിത്തറയിൽ നജീം എന്നയാളിന്റെ വീടിന് മുൻവശത്തുള്ള ഇലക്ട്രിക്ക് പോസ്റ്റ് റോഡിലേക്ക് മാറ്റി സ്ഥാപിച്ചതിന് കെ.എസ്.ഇ.ബി. - യ്ക്ക് 2690/- രൂപ നൽകിയിട്ടുണ്ട് (ചെക്ക് നം.17432/18.03.17). വ്യക്തിയുടെ പുരയിടത്തിൽ നിന്ന പോസ്റ്റ് മാറ്റി സ്ഥാപിച്ചതിന് പഞ്ചായത്ത് ഫണ്ടിൽ നിന്നും നൽകാനുള്ള കാരണം വ്യക്തമല്ല. തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല. 2690/-രൂപ തടസ്സപ്പെടുത്തുന്നു. മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റന്വേഷണത്തിനും മറുപടി ലഭ്യമാക്കിയില്ല.

## 3-10 വാങ്ങിയ ഉപകരണങ്ങൾ വിതരണം ചെയ്തില്ല

പ്രോജക് നം. 54/17, വായനശാലകൾക്ക് കമ്പ്യൂട്ടർ -ഇ.ലൈബ്രറി എന്ന പദ്ധതി പ്രകാരം മൂന്ന് മേശ, മൂന്ന് കസേര എന്നിവ സിഡ്കോയിൽ നിന്നും വാങ്ങിയിട്ടുണ്ട്. നിലവിൽ ടി ഉപകരണങ്ങൾ വിതരണം ചെയ്തിട്ടില്ല. മാത്രമല്ല, ഈ ഉപകരണങ്ങൾ ഏതെല്ലാം ലൈബ്രറികൾക്ക് വേണ്ടിയാണ് വാങ്ങിയത് എന്നത് സംബന്ധിച്ചും വ്യക്തതയില്ല. ഈ വിഷയത്തിന്മേൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/31.10.17) യാതൊരു മറുപടിയും ലഭ്യമാക്കിയില്ല. ഇതിൽനിന്നും ആവശ്യകത കണക്കിലെടുത്തല്ല പ്രസ്തുത വാങ്ങൽ നടത്തിയിട്ടുള്ളതെന്ന് വ്യക്തമാണ്. ആയതിനാൽ ടി ഇനത്തിൽ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച 20479/-രൂപ (ചെക്ക് നം.17448/22.3.17) തടസ്സപ്പെടുത്തുന്നു.

## 3-11 രണ്ടുവർഷം മുൻപ് വാങ്ങിയ ടാർ നാളിതുവരെയും ഉപയോഗിച്ചിട്ടില്ല

2013-14 സാമ്പത്തിക വർഷം ഗുണഭോക്തൃസമിതി വഴി നടപ്പാക്കിയ വിവിധ മരാമത്ത് പ്രവൃത്തികൾക്ക് വേണ്ടി വാങ്ങിയ ടാറിൽ നീക്കിയിരിപ്പുണ്ടായിരുന്ന 9 ബാരൽ ടാർ ഓഡിറ്റ് കാലയളവിലും വില്ലേജ് ഓഫീസ്

പരിസരത്ത് സൂക്ഷിച്ചിരിക്കുന്നതായി കണ്ടു. 2014-15 സാമ്പത്തിക വർഷത്തെ ഓഡിറ്റിൽ പ്രസ്തുത വിഷയത്തിന്മേൽ നടപടി സ്വീകരിക്കുന്നതിന് ശുപാർശ ചെയ്തിരുന്നു. ടി വിഷയത്തിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ആരാഞ്ഞ് നൽകിയ ഓഡിറ്റന്വേഷണത്തിന് രണ്ട് വർഷം പഴക്കമുള്ള ടാറിന്റെ ഗുണനിലവാരം നിശ്ചയിക്കുന്നതിനും, നിലവിൽ 'MORD' സ്പെസിഫിക്കേഷൻ ഉപയോഗിച്ച് വരുന്നതിനാൽ ബാക്കിയിരിക്കുന്ന ടാർ പൊതുമരാമത്ത് പ്രവൃത്തികൾക്ക് ഉപയോഗിക്കാൻ കഴിയാത്തതിനാൽ ലേല നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ടെന്നും അറിയിച്ചു. പ്രസ്തുത വിഷയത്തിന്മേൽ ഉചിതമായ നടപടി സ്വീകരിക്കുന്നതിന് നിലവിലെ സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.

## 3-12 തൊഴിൽ രഹിതവേതന വിതരണം - രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങളില്ല - പ്രായ പരിധി കഴിഞ്ഞവർക്കും വേതനം വിതരണം ചെയ്തു

തൊഴിൽ രഹിത വേതനം വാങ്ങുന്നവരുടെ പൂർണ്ണ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. പല ഗുണഭോക്താക്കളുടെയും ഫോട്ടോ, ഫോൺ നമ്പർ, ജനനതീയതി തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ രജിസ്റ്ററിൽ ലഭ്യമല്ല. 35 വയസ്സ് പൂർത്തിയാക്കിയവരേയും 2 തവണയിൽ കൂടുതൽ വേതനം വാങ്ങാതിരുന്നവരേയും രജിസ്റ്ററിൽ നിന്നും നീക്കം ചെയ്തിട്ടില്ല. ഗുണഭോക്താക്കളുടെ പൂർണ്ണ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്താതിരുന്നത് സംബന്ധിച്ചും അനർഹരെ ഒഴിവാക്കി രജിസ്റ്റർ കാലികമാക്കാതിരുന്നത് സംബന്ധിച്ചും നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9) അപാകതകൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ അടിസ്ഥാന വിവരങ്ങൾ ചേർത്ത് രജിസ്റ്റർ കാലികമാക്കേണ്ടതും അനർഹരെ രജിസ്റ്ററിൽ നിന്ന് നീക്കം ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

റോൾ നമ്പർ 887 ദീപ.എസ്, കോടംതറയിൽ, കാരാഴ്മ, വള്ളികുന്നം എന്നയാൾക്ക് 15/05/2015 - ൽ 35 വയസ്സ് പൂർത്തീകരിച്ചിട്ടുള്ളതാണ് (രജിസ്റ്റർ വാല്യം 5) ഇതു പ്രകാരം 05/2015 വരെ മാത്രമേ ടിയാൾക്ക് തൊഴിൽ രഹിത വേതനത്തിന് അർഹതയുള്ളൂ. എന്നാൽ 10/2015 വരെയുള്ള വേതനം നൽകിയിട്ടുണ്ട്. 06/2015 മുതൽ 10/2015 വരെയുള്ള 5 മാസത്തെ വേതനമായ 600/-രൂപ (120X5) അധികം നൽകി. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9) അപാകം അംഗീകരിക്കുന്നതായും അധികമായി നൽകിയ വേതനം തിരികെ ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. നഷ്ടം ബന്ധപ്പെട്ട വ്യക്തിയിൽ നിന്നും ഈടാക്കാത്തപക്ഷം സെക്രട്ടറി, സെക്ഷൻ ക്ലർക്ക് എന്നിവരുടെ ബാദ്ധ്യതയായിരിക്കുന്നതാണ്.

## 3-13 വള്ളികുന്നം കുടിവെള്ളപദ്ധതി - ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരികെ ഈടാക്കേണ്ടതാണ്

വള്ളികുന്നം കുടിവെള്ളപദ്ധതിയ്ക്കു വേണ്ടി 2014-15 ൽ 51 ലക്ഷം രൂപയും 2015-16 ൽ 3,34,959/-രൂപയും കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കുടിവെള്ളപദ്ധതിയുടെ പണി പൂർത്തിയായിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ 09.10.17 ലെ എ2-713/15 നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ വിനിയോഗ സാക്ഷ്യപത്രത്തിൽ 51 ലക്ഷം രൂപ നിക്ഷേപിച്ചതിൽ 50,06,408/- രൂപ ചെലവായതായും 93,592/- രൂപ അവശേഷിക്കുന്നതായും വ്യക്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ അവശേഷിക്കുന്ന 93,592/-രൂപയും 15-16 – ൽ നിക്ഷേപിച്ച 3,34,959/- രൂപയും ഉൾപ്പെടെ 4,28,551/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക കണക്ക്

വാർഷിക കണക്ക് പരിശോധിച്ച് വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

I. റസീപ്റ്റ് & പെയ്മെന്റ് അക്കൗണ്ട്

സ്ഥാപനത്തിന്റെ 2016-17 വർഷത്തെ വരവുചെലവ് കണക്കിന്റെ സംക്ഷിപ്തം താഴെച്ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 97,74,011 |
| വരവ് | 5,52,79,204 |
| ആകെ | 6,50,53,215 |
| ചെലവ് | 5,21,05,592 |
| നീക്കിയിരിപ്പ് | 1,29,47,623 |

നീക്കിയിരിപ്പ് തുക പാസ് ബുക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടുണ്ട്.
റസീപ്റ്റ് & പെയ്മെന്റ് അക്കൗണ്ട് പരിശോധിച്ച് കണ്ടെത്തിയ മറ്റ് ന്യൂനതകൾ താഴെപ്പറയുന്നു.

1. തനത് ഫണ്ടിന്റെ ആലപ്പുഴ സർവ്വീസ് കോ- ഓപ്പറേറ്റീവ് ബാങ്കിന്റെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ കാലാവധി കഴിഞ്ഞ ചെക്ക് (ചെക്ക് : 11060 തീയതി : 05.05.2016) Cheque issued but not presented into bank എന്ന ശീർഷകത്തിൽ കാണിച്ചിരിക്കുന്നു.

2.വസ്തുനികുതി രജിസ്റ്റർ കൃത്യമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിലുള്ള വരവിന്റെയും കുടിശ്ശികയുടെയും കൃത്യത ഉറപ്പാക്കാനായില്ല.

3. ഇടപാടുകളില്ലാതെ സൂക്ഷിച്ച അക്കൗണ്ടിലെ തുക പ്രത്യേക നിർദ്ദേശപ്രകാരം ബാങ്ക് കുറവു ചെയ്തതിന്റെ അടിസ്ഥാനത്തിൽ ദുരിതാശ്വാസനിധിയിൽ നിന്നും 2910/- രൂപ പഞ്ചായത്തിന് നൽകപ്പെട്ടു. ഇത് തിരികെ സ്വീകരിക്കാനുള്ള നടപടി സ്വീകരിക്കാതെ ബാങ്ക് ബുക്കിൽ ചെലവ് കാണിച്ചത് ശരിയല്ല.

II.ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

സ്ഥാപനത്തിന്റെ തൻവർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിന്റെ സംക്ഷിപ്തം താഴെപ്പറയുന്നു.

| | |
|---|---|
| ആദായം | 14,33,53,471 |
| (-) ചെലവ് | 14,37,25,834 |
| ഡെഫിസിറ്റ് | 3,72,363 |
| (-)പ്രയർ പീരീഡ് ഐറ്റം | 6,62,793 |
| പ്രയർ പീരീഡ് ഐറ്റം - ന് ശേഷം ഡെഫിസിറ്റ് | 2,90,430 |

ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിലെ ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1)വിവിധ ക്ഷേമപെൻഷനുകൾക്ക് വേണ്ടി ചെലവായ തുകയും I-6 സ്റ്റേറ്റ്മെന്റിൽ കാണിച്ചിരിക്കുന്ന തുകയും വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്ഷേമപെൻഷൻ | യഥാർത്ഥ ചെലവ് | I-6ലെ ചെലവ് |
|---|---|---|
| കർഷകത്തൊഴിലാളി പെൻഷൻ | 4477540 | 4591180 |
| വിധവാ പെൻഷൻ | 11677300 | 10237900 |
| വാർദ്ധക്യകാല പെൻഷൻ | 25196325 | 26310565 |
| വികലാംഗ പെൻഷൻ | 2917185 | 3054610 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 537090 | 531600 |

III.ബാലൻസ് ഷീറ്റ്

സ്ഥാപനത്തിന്റെ 31.03.2017 – ലെ സംക്ഷിപ്ത സാമ്പത്തിക നില താഴെപ്പറയുന്നു.

| | |
|---|---|
| ആകെ ആസ്തി | 4,09,87,263 |
| (-)റിസർവ്വം earmarked fund ഉം ഉൾപ്പെടെ ആകെ ബാധ്യത | 3,20,25,468 |
| പഞ്ചായത്ത് ഫണ്ട് | 89,61,895 |

ബാലൻസ് ഷീറ്റ് പരിശോധിച്ച് കണ്ടെത്തിയ ന്യൂനതകൾ താഴെപ്പറയുന്നു.

1. പഞ്ചായത്തിന്റെ എല്ലാ ആസ്തികളുടെയും മൂല്യം നിർണ്ണയിച്ച് ആസ്തിരജിസ്റ്റർ പൂർണ്ണമാക്കിയിട്ടില്ലാത്തതിനാൽ ബി-11 ഷെഡ്യൂൾ പ്രകാരമുള്ള കണക്കുകളുടെ കൃത്യത ഉറപ്പാക്കാനായില്ല. ആസ്തിവിവരങ്ങൾ ക്രോഡീകരിച്ച് സചിത്ര സോഫ്റ്റ് വെയറുമായി സംയോജിപ്പിക്കണമെന്നുള്ള സർക്കാർ നിർദ്ദേശം (ജി.ഒ(എം.എസ്)-152/11/ത.സ്വ.ഭ.വ തീയതി.26.07.11) നടപ്പാക്കിയിട്ടില്ല.

2.വസ്തുനികുതിയുടെ കുടിശ്ശിക ഡിമാന്റ്, ഡിമാന്റ് രജിസ്റ്ററുകൾ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബി 15 പ്രകാരമുള്ള തുകകളുടെ കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. സ്ഥാപനത്തിൽ തയ്യാറാക്കിയ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള ഡി.സി.ബി. കണക്കുകളും സാംഖ്യാധിഷ്ഠിത കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

3. ബി7 ഷെഡ്യൂൾ പ്രകാരം തിരികെ കൊടുക്കേണ്ട ബാദ്ധ്യത 460842/- രൂപയാണ്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം തിരിച്ചുകൊടുക്കുവാനുള്ള തുക 372267/-രൂപയാണ്. ഈ വ്യത്യാസം വിശദീകരിക്കാനായില്ല.

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | | 225000 | ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ് | 225000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | | 225000 | ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ് | 225000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | | 450000 | പാലിന് സബ്സിഡി | 450000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | | 50000 | പാലിന് സബ്സിഡി | 50000 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽനം./ചെക്ക് നം./ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ളത് |
|---|---|---|---|---|---|
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | കൈപ്പള്ളി ഭാഗം പമ്പ് ഹൗസ് | ബിൽ നം. 20/16-17/ 13.03.2017 | 50000 | - | 50000 |
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | ബിൽനം.11/16-17/ 28.02.2017<br>ചെക്ക്നം: 854528/ 21.02.2017 | 1503112<br>76888 | - | 1580000 |

## 4-4മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

## 4-5 വായ്പ / വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്സ്. ഭവനപദ്ധതി | GO(Rt)No.747/ 2010/ത.സ്വ.ഭ.വ തീയതി.05.03.2010 | 15803000 | 4513000 | 1792200 | | 2720800 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

## 4-7ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 9250/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തീയതി |
|---|---|---|---|---|
| 2007-08 | 3-5 | 9000 | കെ.ചന്ദ്രബാബു, വി.ഇ.ഒ | 11603101194/ 05.07.2016 |
| 2014-15 | 2-4 | 250 | അബ്ദുൾ റഷീദ് | 11603102961/ 26.10.2016 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

--ഇല്ല--

## 4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,52,79,204 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,21,05,592 |
| വരവിനങ്ങളിലുള്ള നഷ്ടം | 13928 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 8600 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 965289 |

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-3 | 12500 | | ഖാൻ മഹാദൂർ മുഹമ്മദ് സാഹിബ്, സെക്രട്ടറി |
| | | | ബിന്ദുമോൾ.റ്റി.എസ്, സെക്ഷൻ ക്ലാർക്ക് |
| 2-4 | 300 | | ഖാൻ മഹാദൂർ മുഹമ്മദ് സാഹിബ്, സെക്രട്ടറി |
| | | | ബിന്ദുമോൾ.റ്റി.എസ്, സെക്ഷൻ ക്ലാർക്ക് |
| 2-5 | 1128 | | ഖാൻ മഹാദൂർ മുഹമ്മദ് സാഹിബ്, സെക്രട്ടറി |
| | | | ബിന്ദുമോൾ.റ്റി.എസ്, സെക്ഷൻ ക്ലാർക്ക് |
| 3-1 | | 8000 | ഖാൻ മഹാദൂർ മുഹമ്മദ് സാഹിബ്, സെക്രട്ടറി |
| 3-12 | | 600 | ഖാൻ മഹാദൂർ മുഹമ്മദ് സാഹിബ്, സെക്രട്ടറി |
| | | | ഷൈനു.ആർ, സെക്ഷൻ ക്ലാർക്ക് |
| ആകെ | 13928 | 8600 | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7(1) | 26871 | ഡോ.ബീന.,എം.ഒ., പി.എച്ച്.സി. |
| 3-7(2) | 55965 | ഡോ.രശ്മി.എസ്,എം.ഒ.,ആയുർവേദം |
| 3-8 | 840284 | ഖാൻ മഹാദൂർ മുഹമ്മദ് സാഹിബ്, സെക്രട്ടറി |
| 3-9(എ) | 19000 | ഖാൻ മഹാദൂർ മുഹമ്മദ് സാഹിബ്, സെക്രട്ടറി |
| 3-9(ബി) | 2690 | ഖാൻ മഹാദൂർ മുഹമ്മദ് സാഹിബ്, സെക്രട്ടറി |
| 3-10 | 20479 | ഖാൻ മഹാദൂർ മുഹമ്മദ് സാഹിബ്, സെക്രട്ടറി |
| ആകെ | 965289 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായനഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ഖാൻ മഹാദൂർ മുഹമ്മദ് സാഹിബ്, സെക്രട്ടറി. | വിരമിച്ചു | സുമയ്യ മൻസിൽ, താമരക്കുളം.പി.ഒ, താമരക്കുളം |
| ബിന്ദുമോൾ.റ്റി.എസ്, സെക്ഷൻ ക്ലാർക്ക് | ക്ലാർക്ക്, വള്ളികുന്നം ഗ്രാമപഞ്ചായത്ത് | ഒറ്റതെങ്ങിൽ, ഗോവിന്ദാമുട്ടം.പി.ഒ, കായംകുളം |
| ഡോ.ബീന., മെഡിക്കൽ ഓഫീസർ., പി.എച്ച്.സി. | മെഡിക്കൽ ഓഫീസർ, | ശ്രീപദ്മം, വാളാച്ചാൽ, വള്ളികുന്നം |
| ഡോ.രശ്മി.എസ്, മെഡിക്കൽ ഓഫീസർ., ആയുർവേദം | മെഡിക്കൽ ഓഫീസർ, ആയുർവേദ ആശുപത്രി, വള്ളികുന്നം | പൂങ്കാവ്,ആദിനാട്സൗത്ത്, കാട്ടിൽകടവ്.പി.ഒ.,കരുനാഗപ്പള്ളി |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1998-1999 (ചെലവ്) | എൽ.എഫ്. ജി. എ5-1832/11 തീയതി 3.2.12<br>(ഓഡിറ്റ് അദാലത്ത്) |
| 2003-04 | എൽ.എഫ്. ജി എ5-1832/11 തീയതി 2.2.12(ഓഡിറ്റ് അദാലത്ത്) |
| 2006-07 | എൽ.എഫ്. ജി. എ5-1577/14 തീയതി 21.5.14(ഓഡിറ്റ് അദാലത്ത്) |
| 2007-08 | എൽ.എഫ്. ജി. എ5-1577/14 തീയതി 21.5.14(ഓഡിറ്റ് അദാലത്ത്) |
| 2008-09 | എൽ.എഫ്. ജി. എ5-1577/14 തീയതി 21.5.14(ഓഡിറ്റ് അദാലത്ത്) |
| 2009-10 | എൽ.എഫ്. ജി. എ5-1577/14 തീയതി 21.5.14(ഓഡിറ്റ് അദാലത്ത്) |
| 2010-11 | എൽ.എഫ്. എ. പി .6 -1299/12തീയതി 26.12.12/11.1.13(ഓഡിറ്റ് അദാലത്ത്) |
| 2011-12,2012-13 | എൽ.എഫ്. എ. പി.6-939/14/19.8.14 |
| 2013-14 | കെ.എസ്. എ -എപി ഇസഡ്-പി.6-1095/2015 തീ.11.8.15 |
| 2014-15 | നം.കെ.എസ്.എ-എ.എൽ.പി/പി.6-659/16തീയതി: 04.07.2016 |
| 2015-16 | നം.കെ.എസ്.എ-എ.എൽ.പി/പി.6-1535/16തീയതി: 03.01.2017 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ആലപ്പുഴ.

നം. കെ.എസ്.എ-എ.എൽ.പി/പി6/1386/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.
തീയതി: 13.11.2017

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 –ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ വള്ളികുന്നം ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ഖണ്ഡിക 4-1ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വള്ളികുന്നം ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ആലപ്പുഴ.

No. KSA-ALP/P6/1386/2017

Kerala State Audit Department,
District Audit Office, Alappuzha.
Date: 13.11.2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Vallikunnam Grama Panchayat in Alappuzha District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayats.

In my opinion, the Financial Statements of Vallikunnam Gramapanchayat for the year 2016-17 except the observations in my audit report Para 4-1 properly presents the picture of income and expenditure.

Deputy Director
Kerala State Audit Department
Alappuzha.